**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2192** **03-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ അങ്കണവാടികളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ 10 കോടി രൂപ ഉൾപ്പെടുത്തിയിട്ടുള്ള "പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത മുഴുവൻ അംഗൻവാടികൾക്കും കെട്ടിട നിർമ്മാണത്തിന് സമ്പൂർണ അംഗൻവാടി കെട്ടിട നിർമ്മാണ പദ്ധതി" (2024-25 -ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമനമ്പർ 973) എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (എ) | (എ) 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ 10 കോടി രൂപ ഉൾപ്പെടുത്തിയിട്ടുള്ള "പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത മുഴുവൻ അങ്കണവാടികൾക്കും കെട്ടിട നിർമ്മാണത്തിന് സമ്പൂർണ അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി" നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. എം.എൽ.എ-യുടെ അദ്ധ്യക്ഷതയിൽ വകുപ്പിലെയും, തദ്ദേശ സ്വയംഭരണ വകുപ്പിലെയും, MGNREGS ലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഡയറക്ടറേറ്റ് തലത്തിലും, ജില്ലാതല ഓഫീസർമാരെ ഉൾപ്പെടുത്തി ജില്ലയിലും എല്ലാ മാസവും റിവ്യൂ മീറ്റിംഗുകൾ കൂടുകയും പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ നടപടികൾ ചർച്ച ചെയ്യുകയും ആയതിന്റെ പുരോഗതികൾ വിലയിരുത്തുകയും ചെയ്തു വരുന്നു. അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ ഫണ്ട്/വർക്ക് ബജറ്റ് ഫണ്ട്, MGNREGS, LSGD ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കുന്നതിനുള്ള പ്രത്യേകാനുമതിയ്ക്കായി 22.02.2025 ൽ വനിത ശിശു വികസന ഡയറക്ടർ ലഭ്യമാക്കിയ DWCD/3853/2024/ICDSA8 നമ്പർ പ്രൊപ്പോസൽ WCD-B1/58/2025-WCD ഫയലിൽ സർക്കാർ പരിഗണനയിലാണ്. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട് 16.11.2024 ൽ വനിത ശിശു വികസന ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ WCD-B1/189/2021-WCD-Part(2) ഫയലിൽ പരിഗണനയിലാണ്. ടി നിയോജക മണ്ഡലത്തിൽ സ്ഥലം ലഭ്യമായ 14 അങ്കണവാടികളിൽ 5 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ സ്വന്തം കെട്ടിടം അൺഫിറ്റായതും പൊളിച്ച് പണിയേണ്ടതുമായ 15 അങ്കണവാടികളിൽ 10 |

| | | | |
|---|---|---|---|
| | | | അങ്കണവാടികളുടെ കെട്ടിടം പൊളിക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വേ റിപ്പോർട്ട് പാസ്സായിട്ടുണ്ട്. സ്വന്തമായി സ്ഥലം ലഭ്യമല്ലാതിരുന്ന 33 അങ്കണവാടികളിൽ 8 അങ്കണവാടികൾക്ക് സ്ഥലം ലഭ്യമായിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ